**കൈലാസ്-മാനസരോവർ യാത്ര 2013 , രണ്ടു മുതൽ പത്തു വരെയുള്ള സംഘങ്ങളുടെ യാത്ര ഗവൺമെന്റ് ഉപേക്ഷിച്ചു.**

ഉത്തരാഖണ്ഡിൽ ഉണ്ടായ ശക്തമായ പേമാരിയും വെള്ളപ്പൊക്കവും കാരണം വിദേശകാര്യ വകുപ്പ് മന്ത്രാലയം സംഘടിപ്പിക്കുന്ന കൈലാസ് മാനസരോവർ യാത്ര പോകുന്ന വഴിയിൽ കനത്ത നാശനഷ്ടങ്ങൾ ഉണ്ടായി. അൽമോറയ്ക്കിടയ്ക്കുള്ള റോഡും തവാഘട്ടിന് മുന്നിലെ റോഡും നിരവധി ഇടങ്ങളിൽ ഒഴുകി പോയിട്ടുണ്ട്. ചില പ്രധാന പാലങ്ങൾ നശിച്ചിട്ടുണ്ട്. നിരവധി ഇടങ്ങളിലെ മണ്ണിടിച്ചിൽ കാരണം തവാഘട്ടിനു ശേഷമുള്ള നടപ്പാതകൾക്കും നാശം സംഭവിച്ചിട്ടുണ്ട്. ഇവയുടെ പുനർനിർമ്മാണം പൂർത്തിയാകുവാൻ കുറഞ്ഞത് ഒരു മാസമെങ്കിലും എടുക്കുമെന്നാണ് സംസ്ഥാനത്തെയും പ്രാദേശിക ഭരണ അധികൃതരുടെയും കണക്കാക്കൽ. തീർഥയാത്രികരുടെ സുരക്ഷയും സംരക്ഷണത്തിനും ഏറ്റവും പ്രാധാന്യം കൊടുക്കുന്നതിനാൽ ഈ വർഷത്തെ കൈലാസ് മാനസരോവർ യാത്രയുടെ രണ്ടു മുതൽ പത്തു വരെയുള്ള യാത്രാ സംഘത്തിന്റെ യാത്ര ഉപേക്ഷിക്കുവാൻ മന്ത്രാലയം തീരുമാനിച്ചു.

2. ഇതേക്കുറിച്ച് കൂടുതൽ വിവരങ്ങൾ ആവശ്യമുള്ളവർ മന്ത്രാലയത്തിന്റെ ഇ-മെയിൽ sochina@mea.gov.in വഴിയോ ടെലിഫോൺ 23014900 മുഖാന്തിരമോ ബന്ധപ്പെടുക.

**ന്യൂ ഡെൽഹി**

**ജൂൺ 19, 2013**